(ബി) 3-4 വർഷത്തിൽ കൂടുതൽ കാലം ഇത്തരത്തിൽ ജോലി നോക്കി വരുന്ന ലൈബ്രേറിയൻമാർക്ക് പ്രത്യേക പരിശീലനം നൽകി പാർട്ട് ടൈംകാരായി പരിഗണിക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര പേർ ഇപ്പോൾ ജോലി ചെയ്തു വരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ ഓണറേറിയം എത്ര; ഉത്സവകാല അലവൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) 418 പേർ.

(ഡി) ഇവർക്ക് ഇപ്പോൾ 1300 രൂപ പ്രതിമാസം ഓണറേറിയം നൽകുന്നുണ്ട്. ഉത്സവകാല അലവൻസും നൽകിവരുന്നുണ്ട്.

കെ. ബി. ആർ. ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ

47 [5888] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.ബി.ആർ. ലംഘിച്ച് കെട്ടിടങ്ങൾ പലപ്പോഴും നിർമ്മിക്കുന്നതായിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരമുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നറിയിക്കാമോ;

(സി) ഇപ്രകാരം നിയമം ലംഘിച്ച് നടന്നിട്ടുള്ള കെട്ടിട നിർമ്മാണത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള പഞ്ചായത്ത് രാജ് ആക്ടിലേയും കേരള മുനിസിപ്പാലിറ്റി ആക്ടിലേയും കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്രകാരമുള്ള കേസുകളിൽ അന്വേഷണം നടത്തി നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന്, സർക്കാർ നഗരസഭകൾക്കും പഞ്ചായത്തുകൾക്കും നിർദ്ദേശങ്ങൾ നൽകാറുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly